KOTTAYAM CENTRAL DIOCESE
WEST DISTRICT

സഹപാഠ്യ മത്സരം - 2017

Date : 09.09.2017 Saturday
Venue : St. Mary's Central School, Puthenangady
Time : 10.00 am Programme Starting

Chief Controllers

1. **Rev. Fr. Yuhanon K. Baby** (President West District)
2. **Sri. Sanu Mathew Olacheril** (Inspector, West District)
3. **Sri. N.C. Varghese Nelpuramalikayil** (Secretary, West District)

അധ്യാപകരും ചുമതലകളും

- **Single Song** (Sub Junior, Junior, Senior)
  Smt. Mariamma Mathew (H.M, St. Thomas Sunday School)
- **Speech** (Sub Junior, Junior, Senior)
  Sri. K.T. Thomas (H.M, St. Mary's Sunday School)
- **Group Song** (Junior, Senior)
  Sri. Jogy G. Ambattu (H.M, Baselius Mar Gregorious Sunday School)
- **General Knowledge** (Senior, Seccondary)
  Smt. Jancy Sunil (Teacher, St. Thomas Sunday School)
- **Bible Verses** (Junior, Senor, Secondary)
  Smt. Liji Mano (Teacher, Mar Gregorious Sunday School)
- **Essay Competition** (Secondary)
  Ms. Shamily Yohannan (Teacher, Mar Baselius Sunday School)
- **Tabulation Duty**
  Ms. Anju Anna Alex
  Smt. Anu Baiju
- **Registration Duty**
  1. **Ms. Soniya Joseph** (Teacher, Mar Baselius Sunday School)
  2. **Ms. Anuju Varghese** (Teacher, Mar Baselius Sunday School)

അറിയിപ്പുകൾ

- രജിസ്ട്രേഷൻ സമയം രാവിലെ 9.00 മുതൽ 9.45 വരെ ആയിരിക്കും.
- ഓരോ മത്സര ഇനങ്ങൾക്കും ചുമതലയുള്ള അധ്യാപകർ നേതൃത്വം നൽകുന്നതാണ്.

♦ **പൊതുവിജ്ഞാനം (45 മിനിട്ട്)**

- സീനിയർ പൊതുവിജ്ഞാന മത്സരം രാവിലെ 9.00 മണി മുതൽ നടക്കുന്നതാണ്.
- സീനിയർ പൊതുവിജ്ഞാന മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ 8.30-ന് മത്സരവേദിയിൽ വരേണ്ടതാണ്.
- പൊതുവിജ്ഞാന പഠന സഹായി എന്ന പുസ്തകം ഒരു റഫറൻസ് പുസ്തകമായി മാത്രമേ പരിഗണിക്കാവൂ.

♦ **സംഗീത മത്സരം - 3 മിനിട്ട്** (Only Christian Songs. ക്ലാസ്സിക്കൽ സംഗീതം അനുവദനീയമല്ല.)

♦ **സമൂഹഗാന മത്സരം - 3 മിനിട്ട്** (Maximum 3 Members)

തെരഞ്ഞെടുക്കപ്പെട്ട മലയാളത്തിലുള്ള ആരാധനാ ഗീതങ്ങൾ മാത്രമേ പാടാവൂ. 2017-ലെ മത്സരങ്ങൾക്ക് തെരഞ്ഞെടുക്കപ്പെട്ടവ ചുവടെ ചേർക്കുന്നു.

(വി. കുർബ്ബാന ക്രമം 2016 എഡിഷനിലെ എല്ലാ ഗീതങ്ങളും, കൂടാതെ വിവാഹ ശുശ്രൂഷയിലേയും ഹോശാന ശുശ്രൂഷയിലേയും ഗീതങ്ങൾ.)

♦ **പ്രസംഗ മത്സരം - 5 മിനിട്ട്**

❍ **പ്രസംഗ മത്സര വിഷയങ്ങൾ**

സബ് ജൂനിയർ : പ്രാർത്ഥന, ദയ
ജൂനിയർ : ആരാധന, എന്റെ കൃപ നിനക്കു മതി (2 കൊരി. 12:9)

(നൽകിയിരിക്കുന്ന വിഷയങ്ങളിൽ ഒരു വിഷയം നറുക്കിട്ട് തെരഞ്ഞെടുക്കുന്നതായിരിക്കും.)

സീനിയർ : Spot Topic (പ്രസംഗ വിഷയം മത്സരം ആരംഭിക്കുന്നതിന് 10 മിനിട്ട് മുമ്പ് മത്സരാർത്ഥികൾക്കു നൽകുന്നതായിരിക്കും.)

♦ **വാക്യ മത്സരം (45 മിനിട്ട്)**

ജൂനിയർ : തങ്കവാക്യ പുസ്തകം ആദ്യ 25 വിഷയങ്ങൾ അടിസ്ഥാനമാക്കിയായിരിക്കും.
സീനിയർ : തങ്കവാക്യ പുസ്തകം മുഴുവൻ അടിസ്ഥാനമാക്കിയായിരിക്കും.

♦ **ഉപന്യാസം (1 മണിക്കൂർ)**

ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കു മാത്രം.

❍ **ജഡ്ജസിന്റെ തീരുമാനം അന്തിമമായിരിക്കും.**

OSSAE CIRCULAR 2/2017

പൗരസ്ത്യ ഓർത്തഡോക്സ്
സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ

ദേവലോകം, കോട്ടയം - 686 004
Ph: 0481 2572890, website: ossae.org, e-mail: dgossae@gmail.com

വിജ്ഞാപനം

സഹപാഠ്യമത്സരങ്ങളും പരീക്ഷകളും

പ്രിയ സുഹൃത്തുക്കളേ,

സഹപാഠ്യമത്സരങ്ങളെയും പരീക്ഷകളെയും സംബന്ധിക്കുന്ന **ഈ വിജ്ഞാപനം സൺഡേസ്കൂൾ സ്റ്റാഫ്മീറ്റിങ്ങിൽ വായിക്കുകയും ബഹു. ഇടവക വികാരിക്ക് ഇതിന്റെ കോപ്പി കൊടുക്കുകയും ചെയ്യണം.** എല്ലാ സ്കൂളിലും രണ്ടു കോപ്പി വീതം ലഭിച്ചു എന്നു ബന്ധപ്പെട്ട ഡി. ഇൻസ്പെക്ടർ ഉറപ്പുവരുത്തണം.

സഹപാഠ്യ മത്സരങ്ങൾ

മത്സര തീയതികൾ

1. സ്കൂൾതലം 2017 ആഗസ്റ്റ് 20 ഞായർ
2. ഡിസ്ട്രിക്ട്തലം 2017 സെപ്റ്റംബർ 9 ശനി
3. ഭദ്രാസനതലം 2017 ഒക്ടോബർ 14 ശനി
4. സോണൽതലം 2017 നവംബർ 11 ശനി

ഭദ്രാസന, സോണൽ മത്സരങ്ങൾ അതതു ദിവസങ്ങളിൽതന്നെ നടത്തേണ്ടതാണ്. സ്കൂൾതലം, സ്കൂളുകളുടെ സൗകര്യം അനുസരിച്ച് നടത്താവുന്നതാണ്. ഡിസ്ട്രിക്ട് തലം, ഭദ്രാസന ഡയറക്ടറുമായി ആലോചിച്ച് മാറ്റാവുന്നതാണ്.

5. സൺഡേസ്കൂൾ വാഗ്മിതിലകം, ഗാനസുഗന്ധി, വിജ്ഞാനി, പ്രവീൺ മത്സരങ്ങൾ 2018 ജനുവരി 13 ശനി.

മത്സര വിഭാഗങ്ങൾ (Age as on 31-12-2016)

A **1 മുതൽ 10 വരെ സൺഡേസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നവർ**

1) സബ് ജൂണിയർ - 9 വയസ്സ് പൂർത്തിയാകരുത് (2008-ലോ അതിനു ശേഷമോ ജനിച്ചവർ)
2) ജൂണിയർ - 9 വയസ്സ് മുതൽ 12 വയസ്സ് വരെ. 12 വയസ്സ് പൂർത്തിയാകരുത് (2005 - 2007 വർഷങ്ങളിൽ ജനിച്ചവർ)
3) സീനിയർ - 12 വയസ്സ് മുതൽ 17 വയസ്സ് വരെ. 17 വയസ്സ് പൂർത്തിയാകരുത് (2000 - 2004 വർഷങ്ങളിൽ ജനിച്ചവർ)

B **11, 12 സൺഡേസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നവർ**

4) ഹയർസെക്കണ്ടറി - 19 വയസ്സ് പൂർത്തിയാകരുത് (1998-ലോ അതിനു ശേഷമോ ജനിച്ചവർ)

വിദ്യാർത്ഥി, പ്രായം അനുസരിച്ച് ഏതു വിഭാഗത്തിൽപ്പെടുന്നുവോ ആ വിഭാഗത്തിൽ മാത്രമേ മത്സരിക്കുവാൻ അനുവാദമുള്ളു.

11, 12 സൺഡേസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നവർ മാത്രമെ ഹയർസെക്കണ്ടറി വിഭാഗത്തിൽ ഉൾപ്പെടുകയുള്ളു. പ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇവർക്ക് മറ്റു വിഭാഗങ്ങളിലൊ മറ്റു വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഈ വിഭാഗത്തിലോ മത്സരിക്കാവുന്നതല്ല.

ഹയർസെക്കണ്ടറി വിഭാഗത്തിൽ ഒരു കുട്ടിക്ക് രണ്ടുതവണ (2 വർഷം) മാത്രമെ പങ്കെടുക്കുവാൻ അവസരം ഉണ്ടായിരിക്കുകയുള്ളു.

മത്സര ഇനങ്ങൾ

സബ്ജൂണിയർ	പ്രസംഗം, സംഗീതം
ജൂണിയർ	പ്രസംഗം, സംഗീതം, സമൂഹഗാനം, വേദവാക്യം
സീനിയർ	പ്രസംഗം, സംഗീതം, സമൂഹഗാനം, വേദവാക്യം, പൊതുവിജ്ഞാനം
ഹയർസെക്കണ്ടറി	പൊതുവിജ്ഞാനം, ഉപന്യാസം, വേദവാക്യം

പ്രസംഗ മത്സര വിഷയങ്ങൾ

സബ്ജൂണിയർ	പ്രാർത്ഥന, ദയ
ജൂണിയർ	ആരാധന, എന്റെ കൃപ നിനക്കു മതി (1 കൊരി. 12:9)

ഇവയിൽ ഒരു വിഷയം ജഡ്ജസിന്റെ സാന്നിദ്ധ്യത്തിൽ മാത്രം നറുക്കിട്ട് തെരഞ്ഞെടുത്ത് ഓരോരുത്തർക്കും 5 മിനിറ്റ് മുമ്പ് മാത്രം നൽകണം. സീനിയർ വിഭാഗത്തിന് **സ്കൂൾതലം മുതൽതന്നെ** 10 മിനിറ്റ് മുമ്പുമാത്രമായിരിക്കും പ്രസംഗ വിഷയം നൽകുന്നത്. പ്രസംഗമത്സരങ്ങൾക്ക് ഫൈനൽ ബെല്ലും വാണിങ്ബെല്ലും നൽകുന്ന രീതിയും അതു നൽകുന്ന സമയവും മത്സരം ആരംഭിക്കുന്നതിനുമുമ്പ് (പങ്കെടുക്കുന്ന കുട്ടികളും ജഡ്ജസും സന്നിഹിതരായിരിക്കുമ്പോൾ) പരസ്യമായി മത്സരവേദിയിൽ ബോദ്ധ്യപ്പെടുത്തണം. വാണിങ് ബെൽ ഫൈനൽ ബെല്ലിൽനിന്നും തികച്ചും വ്യത്യസ്ഥമായിരിക്കണം. പ്രസംഗസമയം 5 മിനിട്ടായിരിക്കും.

സീനിയർ വിഭാഗത്തിൽ ഡിസ്ട്രിക്ട് തലത്തിൽ പ്രസംഗവിഷയം ഭദ്രാസന ഡയറക്ടർ നല്കേണ്ടതാണ്.

സംഗീത മത്സരം: സമയം 3 മിനിട്ട്. മലയാള ക്രിസ്തീയഗാനങ്ങൾ മാത്രം. ക്ലാസ്സിക്കൽ സംഗീതം അനുവദനീയമല്ല.

സമൂഹഗാന മത്സരം: സമയം 3 മിനിറ്റ്. ഒരു ഗ്രൂപ്പിൽ മൂന്നു പേരിൽ കൂടുവാൻ പാടില്ല. തെരഞ്ഞെടുക്കപ്പെട്ട മലയാളത്തിലുള്ള ആരാധനാ ഗീതങ്ങൾ മാത്രമേ പാടാവൂ. 2017-ലെ മത്സരങ്ങൾക്ക് തെരഞ്ഞെടുക്കപ്പെട്ടവ ചുവടെ ചേർക്കുന്നു.

വി. കുർബ്ബാനക്രമം 2016 എഡിഷനിലെ എല്ലാ ഗീതങ്ങളും, കൂടാതെ വിവാഹശുശ്രൂഷയിലെയും ഹോശാന ശുശ്രൂഷയിലെയും ഗീതങ്ങൾ.

വാക്യമത്സരം: 'തങ്കവാക്യ പുസ്തകം' ആദ്യത്തെ 25 വിഷയങ്ങൾ അടിസ്ഥാനമാക്കി ആയിരിക്കും ജൂണിയർ വിഭാഗത്തിൽ ചോദ്യങ്ങൾ ഉണ്ടാകുക. സീനിയർ വിഭാഗത്തിന് പുസ്തകം മുഴുവനും അടിസ്ഥാനമായിരിക്കും. **സമയം 45 മിനിറ്റ്.**

പൊതുവിജ്ഞാനമത്സരം: സമയം 45 മിനിറ്റ്. 'പൊതുവിജ്ഞാനപഠനസഹായി' എന്ന പുസ്തകം ഒരു റഫറൻസ് പുസ്തകമായി മാത്രമേ പരിഗണിക്കാവൂ.

വാക്യമത്സരത്തിനും പൊതുവിജ്ഞാനത്തിനും അതത് മത്സരകേന്ദ്രങ്ങളിൽ ഉത്തരക്കടലാസ് പരിശോധിച്ച് ഫലം പ്രഖ്യാപിക്കണം.